LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ താലൂക്ക് രൂപീകരണം

97 (283) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിലെ 30 വില്ലേജുകളിൽ 10 വില്ലേജുകളും 3 ലക്ഷത്തോളം ജനങ്ങളും തിങ്ങി നിവസിക്കുന്ന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പ്രദേശം ഉൾപ്പെടുത്തിയുള്ള ചാത്തന്നൂർ താലൂക്ക് രൂപീകരണത്തിന്റെ വിജ്ഞാപനം വൈകുന്നതിന്റെ കാരണമെന്ത് ;

(ബി) കാലവിളംബം ഒഴിവാക്കി ചാത്തന്നൂർ താലൂക്ക് രൂപീകരണ വിജ്ഞാപനം എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ പുതിയ താലൂക്കുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയൂ.

സുനാമി ബാധിതരുടെ പുനരധിവാസം

98 (T288) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി, കടലാക്രമണം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഫലമായി ഇതിനകം എത്ര കുടുംബങ്ങളെ സ്വന്തം കുരകളിൽനിന്നും മാറ്റി മറ്റ് സ്ഥലങ്ങളിൽ പാർപ്പിക്കുകയുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ ;

(ബി) സ്വന്തം വീടുകൾ വിട്ട് സ്കൂളുകളിലും മറ്റും മാറ്റി പാർപ്പിക്കപ്പെട്ടവരുടെ പുനരധിവാസ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) പ്രകൃതിക്ഷോഭമേഖല തീരദേശങ്ങളിൽ നിന്നും മാറ്റി പാർപ്പിക്കപ്പെട്ട കുടുംബങ്ങളിൽ മൊത്തം എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മറുപടി അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) മറുപടി അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.*

(സി) പ്രകൃതിക്ഷോഭമേഖല തീരദേശങ്ങളിൽ നിന്നും മൊത്തം 24164 പേരെ മാറ്റിപ്പാർപ്പിച്ചിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.